രു ഇരുൾപക്ഷി അന്നേരം മരച്ചില്ലകളെ മുട്ടിയുരഞ്ഞ് ആകാശത്തേക്ക് ഉച്ചത്തിൽ കൂകിപ്പറന്നു. ഒരു നിമിഷത്തെ നിശബ്ദതയ്ക്കുശേഷം അമ്മ വീണ്ടും പറഞ്ഞുതുടങ്ങി;

ഒരു ലോകത്തെ മുഴുവനും വെറുപ്പിച്ച്, അവരെകൊണ്ടെല്ലാം അഹകാരിയെന്നും, തന്റേടിയെന്നുമെല്ലാം പറയിപ്പിച്ചതും എന്തിനാണെന്നറിയാമോ? പകൽ വെളിച്ചത്തെപ്പോലും ഭയക്കുന്ന,തീർത്തും ദുർബലയായ, തൊട്ടാവാടിയായ നിന്നെ ഈ വയറ്റിൽ ഒൻപത് മാസവും പതിനൊന്ന് ദിവസവും ചുമക്കുവാനായിരുന്നു.......

എല്ലാം കേട്ടുകൊണ്ട് അവർക്കിടയിൽ കിടന്ന നീലയിൽ ചുവന്ന വരകളുള്ള പുതപ്പന്നേരം ദീർഘമായി നിശ്വസിച്ചുകൊണ്ട് സുലോചന പണിക്കരുടെ ഉയർന്ന മാറിലേക്ക് നിരങ്ങി ഇറങ്ങി. അവർ പിന്നെയും പറഞ്ഞു;

നീ ഇങ്ങനെയൊരു പെണ്ണല്ലാതിരുന്നെങ്കിൽ ഞാൻ എത്ര ചെറുതായിപ്പോകുമായിരുന്നു!! എല്ലാം നഷ്ടപ്പെട്ടിട്ടും തളരാതെ ഇത്രയും കാലം നിന്ന് പോരാടിയതും, കേവലം ഒരു മണിക്കൂറിനുള്ളിലൊരു രാജി തീരുമാനമെടുത്ത്, അതിലും വേഗത്തിൽ ഇറങ്ങിപ്പോരാൻ തോന്നിയതുമെല്ലാം നീ കാരണം തന്നെ.. എന്റെ ഓരോ പൂർണ്ണതയും, അതിനേക്കാൾ എത്രയോ വലിയ അപൂർണ്ണതകളാണെന്ന് നീ നിരന്തരം തെളിയിക്കുകയും പറയുകയും ചെയ്തുകൊണ്ടേയിരിക്കുന്നു!! ഈ അമ്മയ്ക്ക് മരണം വരെ ഒരു തന്നിഷ്ടക്കാരിയും തന്റേടിയുമായി ജീവിക്കുവാൻ നീ വേണം. സുലോചന പണിക്കർ വീണ്ടും ഒച്ചതാഴ്ത്തിഎന്നാൽ ആത്മവിശ്വാസം ഒട്ടും നഷ്ടപ്പെടുത്താതെ അത്രയും പറഞ്ഞ് വലതുവശം ചേർന്ന് തിരിഞ്ഞു കിടന്നു. അവൾക്ക് ആ പറഞ്ഞതിൽ പലതും മനസ്സിലായില്ലെങ്കിലും താൻ സുരക്ഷിതയാണല്ലോ, എന്നോർത്ത് ഒരു പക്ഷിച്ചിറകിനടിയിൽ എന്നപോലെ അമ്മയുടെ ചുളുവുകൾ വീണുതുടങ്ങിയ കഴുത്തിലും, ഉടഞ്ഞുപോയ മാറിലുമായി ചുറ്റിപ്പിടിച്ച് ഉറക്കം കാത്ത് കിടന്നു. പുറത്ത് ഒരു മഴ പെയ്തേയ്ക്കാം എന്ന പ്രതീക്ഷകളോടെ......

•

കവിത





കാരൂർ സോമൻ

# ഹോറോസ്കോപ്പ്

മരിച്ചവരുടെ മുഖപടമണിഞ്ഞ്
പേടിപ്പിക്കാനിറങ്ങുന്ന
മരുപച്ചയിൽ നിന്നാണ്
എന്റെ ജീവിതം നിന്റെ വിധിക്ക് വിലയിടുന്നത്

നീയൊരു നിലാപക്ഷിയെങ്കിൽ
ഞാനതിൻ മഴവില്ലെന്ന്
എല്ലാ പകലിരവുകളിലും നാം
സ്വപ്നം കണ്ടതിനർത്ഥമില്ലയോ?
നമ്മളാ നീരൊഴുക്കിൽ
നിലയില്ലാതലഞ്ഞത് വ്യർത്ഥമെന്നോ?

സ്മാരകശിലകളിൽ ഇപ്പോഴും
ഈ റോസാപുഷ്പം ചോദിക്കുന്നത്
നിനക്ക് കരളും എനിക്കും ഹൃദയവും
ആകാൻ കഴിയാഞ്ഞതിന്റെ കാരണമാണ്

പൂക്കാത്ത കായിൽ കായ്ക്കാത്ത പൂവിൽ
ഭൂമി ഇന്നും രാത്രിയിൽ വിത്തെറിയുന്നു

•